**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 544** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>സാമ്പത്തിക പ്രതിസന്ധി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ബഷീർ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** നിലവിൽ സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന്റെ നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, ജി.എസ്.ടി. നിരക്കുകളുടെ ഏകീകരണം, കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യാത്ത പുതിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി വായ്പാ പരിധിയിൽ കുറവ് വരുത്തിയത്, പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും സർക്കാർ കടമായി കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചത് അടക്കമുള്ള കേന്ദ്ര നടപടികളും കാരണം ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് അനുഭവപ്പെടുന്നുണ്ട് എന്നതൊരു വസ്തുതയാണ്.

**(ബി)** സാമ്പത്തിക പ്രതിസന്ധി മൂലം തടഞ്ഞുവെച്ചിട്ടുള്ള വിവിധ ബില്ലുകളുടെ ആകെ തുക എത്രയാണ്; ആയവയിൽ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം എത്രയാണ്; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ബില്ലുകളൊന്നും തന്നെ നിലവിൽ തടഞ്ഞുവച്ചിട്ടില്ല.

**(സി)** സംസ്ഥാനത്തിന്റെ നികുതി പിരിവ് കാര്യക്ഷമമല്ലെന്ന സി.എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങൾ പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു; വിവിധ ഇനങ്ങളിലെ നികുതി കുടിശ്ശിക എത്രയാണ്; ആയത് പിരിച്ചെടുക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

**<u>മറുപടി:</u>** 2024-25 സാമ്പത്തിക വർഷം വരെ വ്യവഹാരങ്ങളിൽപ്പെടാത്ത ഇനങ്ങളിലായി മൊത്തം നികുതി കുടിശ്ശിക 14765.75 കോടി രൂപയാണ്. നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ജി.എസ്.ടി, എക്സൈസ് എന്നീ വകുപ്പുകൾ ആംനസ്റ്റി പദ്ധതിയും, മോട്ടോർ വാഹന വകുപ്പ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പാക്കി വരുന്നു. വസ്തുവിന്റെ വില കുറച്ചു കാണിച്ച് രജിസ്റ്റർ ചെയ്ത് അണ്ടർ വാല്യുവേഷൻ നടപടികൾക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളിൽ നിന്നും കുറവ് തുക ഈടാക്കുന്നതിനായി സെറ്റിൽമെന്റ്, കോംപൗണ്ടിങ് പദ്ധതികൾ ഏർപ്പെടുത്തി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ

രജിസ്ട്രേഷൻ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്ത് ജി.എസ്.ടി. വകുപ്പിന്റെ പുനഃസംഘടനയിൽ എല്ലാ ജില്ലയിലും Arrear Recovery നടപടികൾക്ക് മാത്രമായി പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. അതോടൊപ്പം, നികുതി വെട്ടിപ്പ് തടയുന്നതിനുള്ള പ്രവർത്തനങ്ങളും വകുപ്പുകൾ നടപ്പാക്കി വരുന്നു.

**(ഡി)** സാമ്പത്തിക പ്രതിസന്ധി കാരണം ബജറ്റിൽ പ്രഖ്യാപിച്ച വികസന പദ്ധതികളുടെ വിഹിതത്തിൽ എന്തെങ്കിലും കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് ഇത്തരത്തിൽ വെട്ടിക്കുറയ്ക്കാൻ ഉദ്ദേശിക്കുന്നത്;

**<u>മറുപടി:</u>** സാമ്പത്തിക ഞെരുക്കം കണക്കിലെടുത്ത് ബജറ്റിൽ പ്രഖ്യാപിച്ച വികസന പദ്ധതികളുടെ വിഹിതത്തിൽ കുറവ് വരുത്താൻ സർക്കാർ തീരുമാനിച്ചിട്ടില്ല. നികുതി പിരിവ് ഊർജ്ജിതമാക്കിയും ചെലവുകളിൽ മിതത്വം പാലിച്ചും വികസന ക്ഷേമ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുകയെന്ന നയമാണ് സർക്കാർ അനുവർത്തിച്ചു പോരുന്നത്.

**(ഇ)** സംസ്ഥാനത്തിന്റെ തനത് വരുമാനം വർധിപ്പിച്ച് സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തനത് വരുമാനത്തിൽ ഉണ്ടായ വർധനവ് ഓരോ വർഷവും എത്ര തുകയാണ്; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, വിവിധ വകുപ്പുകളിലെ നികുതി-നികുതിയേതര ഇനങ്ങളുടെ നിലവിലെ നിരക്കുകൾ (ഡ്യൂട്ടി, സെസ്സ്, ഫീസുകൾ, ഫൈനുകൾ എന്നിവ ഉൾപ്പെടെ) കാലികമായി പരിഷ്കരിക്കുന്നതിനും, പുതിയ വരുമാന ഇനങ്ങൾ കണ്ടെത്തുന്നതിനുമുള്ള നടപടികൾ സംസ്ഥാന സർക്കാർ തടർന്ന് വരികയാണ്. റവന്യൂ ശേഖരണം ഊർജ്ജിതപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാരിന്റെ പ്രധാന വരുമാനദായക വകുപ്പുകളുടെ അവലോകന യോഗങ്ങൾ ചേരുകയും, റവന്യൂ കളക്ഷൻ സംബന്ധിച്ച് പ്രതിമാസം അവലോകനം നടത്തുകയും ചെയ്യുന്നു. അതോടൊപ്പം, വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിനു ലഭിക്കാനുള്ള നികുതി കുടിശ്ശിക ഈടാക്കുന്നതിനും, നികുതി വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനും, പുതിയ വരുമാന മേഖലകൾ കണ്ടെത്തുന്നതിനുമുള്ള നിർദ്ദേശം വകുപ്പുകൾക്ക് നൽകിയിട്ടുമുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 54988 കോടി രൂപയായിരുന്ന തനത് വരുമാനം, 2024-25 വർഷത്തിൽ 93129 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഇക്കാലയളവിൽ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ 69.36% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലെ വർദ്ധനവ് യഥാക്രമം 13815, 18283, 3589, 2454 കോടി രൂപ എന്നിങ്ങനെയാണ്.

**സെക്ഷൻ ഓഫീസർ**